LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെയും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തുകയുടെ 5% തുക വൃദ്ധർ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിനായി മാറ്റി വെച്ചിട്ടുണ്ട്.

2013-14-ൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

1772 ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2013-14 വർഷം ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2013-14 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിരുന്ന പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2013-14 വർഷം മേൽപ്പറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ 2013 ഡിസംബർ 31 വരെ ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ;

(ഇ) ഈ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ?

---

* അനുബന്ധമായി ചേർത്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 വർഷത്തിൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ

തരം	വികസന ഫണ്ട്	മെയിന്റനൻസ് ഫണ്ട്	മറ്റുള്ളവ	ആകെ
ഗ്രാമ പഞ്ചായത്ത്	25846964173.00	9511054502.00	18025801031.00	53383819706
ബ്ലോക്ക് പഞ്ചായത്ത്	5635132099.00	639362284.00	8807498259.00	15081992642.00
ജില്ലാ പഞ്ചായത്ത്	5697765842.00	4269571782.00	2440792069.00	12408129693.00

(ബി) സംസ്ഥാനത്ത് 2013-14 വർഷം ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് പട്ടികജാതി / പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തരം	പട്ടികജാതി വികസന ഫണ്ട്	പട്ടികവർഗ്ഗ വികസന ഫണ്ട്
ഗ്രാമ പഞ്ചായത്ത്	5820050495.00	986893739.00
ബ്ലോക്ക് പഞ്ചായത്ത്	1580666732.00	265646769.00
ജില്ലാ പഞ്ചായത്ത്	1573073387.00	355099960.00

(സി) ത്രിതല പഞ്ചായത്തുകൾക്ക് 2013-14 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിരുന്ന പദ്ധതികൾക്കായി 2013-14 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ചുവടെ പറയും വിധം തുക അനുവദിച്ചിരുന്നു:

(രൂപ ആയിരത്തിൽ)

തരം	വികസന ഫണ്ട്	പൊതു ആവശ്യ ഫണ്ട്	മെയിന്റനൻസ് ഫണ്ട്	ആകെ
ഗ്രാമ പഞ്ചായത്ത്	21720265	6362300	7852996	35935561
ബ്ലോക്ക് പഞ്ചായത്ത്	5007422	364800	471977	5844199
ജില്ലാ പഞ്ചായത്ത്	4975105	257600	2647193	7879898

(ഡി) 2013-14 വർഷം ത്രിതല പഞ്ചായത്തുകൾക്കുള്ള പദ്ധതികൾക്കായി

അനുവദിച്ച തുകയിൽ 2013 ഡിസംബർ 31 വരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

തരം	വികസന ഫണ്ട്	മെയിന്റനൻസ് ഫണ്ട്	മറ്റുള്ള ഫണ്ടുകൾ	ആകെ ചെലവഴിച്ച ഫണ്ടുകൾ
ഗ്രാമ പഞ്ചായത്ത്	6123777458.00	1741056506.00	1259053058.00	9123887022.00
ബ്ലോക്ക് പഞ്ചായത്ത്	1686255448.00	92145741.00	112856492.00	1891257681.00
ജില്ലാ പഞ്ചായത്ത്	972173167.00	629804119.00	64800802.00	1666778088.00

(ഇ) തുക അനുവദിക്കുന്നതിന് വീഴ്ച ഉണ്ടായിട്ടില്ല.

ഗ്രാമസഭകൾ ചേരാൻ സ്കൂൾ കെട്ടിടം അനുവദിക്കുന്നില്ലെന്ന പരാതി

1792 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമസഭ വിളിച്ചുചേർക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവൺമെന്റ്, എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഗ്രാമസഭകൾ ചേരുന്നതിന് എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly